(സി) ഉണ്ടെങ്കിൽ ഇതുമൂലം അപേക്ഷകർക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനായി നേരത്തെയുണ്ടായിരുന്ന സൗകര്യങ്ങൾ നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

സാമൂഹ്യനീതി-ശിശു വികസന വകുപ്പ് വിഭജനത്തിനുശേഷം സാമൂഹ്യനീതി വകുപ്പിൽ ബ്ലോക്ക് തലത്തിൽ ഓഫീസുകൾ ഇല്ലാത്തതിനാൽ വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്കുള്ള അപേക്ഷകൾ ജില്ലാതല ഓഫീസുകൾ വഴിയാണ് സ്വീകരിച്ചുവരുന്നത്. വയോജനങ്ങൾ, ഭിന്നശേഷിക്കാർ, ട്രാൻസ്ജെൻഡർ വിഭാഗക്കാർ ഉൾപ്പെടെയുള്ള വകുപ്പിന്റെ മുഴുവൻ ഗുണഭോക്താക്കൾക്കും വളരെയധികം ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിലേയ്ക്ക് ബ്ലോക്ക് തലത്തിൽ ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സാമൂഹ്യക്ഷേമ പെൻഷൻ

197(3596) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ പെൻഷൻ ലഭിക്കുന്നതിനുള്ള വരുമാന പരിധി 22,000 രൂപയിൽനിന്ന് 1 ലക്ഷം രൂപയാക്കി ഉയർത്തിയത് എന്നാണെന്ന് വ്യക്തമാക്കാമോ?

20-6-2014-ലെ സ.ഉ.(എം.എസ്) നം.52/2014/സാ.ക്ഷേ.വ. നമ്പർ ഉത്തരവ് പ്രകാരം 1-4-2014 മുതൽ 1 ലക്ഷം രൂപയാക്കി ഏകീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പെൻഷന് അർഹത നേടുന്നതിനുള്ള പ്രായം 65-ൽ നിന്ന് 60 ആയി കുറച്ചിട്ടുണ്ടോ; എങ്കിൽ അത് എന്ന് മുതലാണ് പ്രാബല്യത്തിൽ വന്നതെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. 4-11-2013-ലെ സ.ഉ.(എം.എസ്.)നം.93/2013/സാ.ക്ഷേ.വ. നമ്പർ ഉത്തരവ് പ്രകാരം പെൻഷന് അർഹത നേടുന്നതിനുള്ള പ്രായം 65-ൽനിന്ന് 60 ആയി കുറച്ചിട്ടുണ്ട്. ഉത്തരവ് തീയതിയായ 4-11-2013 മുതൽ ഇതിന് പ്രാബല്യമുണ്ട്.

(സി) 18 വയസ്സായ ആൺമക്കളുള്ള അമ്മമാർക്ക് പെൻഷന് അർഹത നൽകിയത് എന്നാണെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

28-6-2012-ലെ 7036/2012/സാ.ക്ഷേ.വ. നമ്പർ സർക്കുലർ പ്രകാരം 18 വയസ്സായ ആൺമക്കളുള്ള അമ്മമാർക്കും പെൻഷന് അർഹത നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) 2011 ഏപ്രിലിൽ വിവിധ സാമൂഹ്യക്ഷേമ പെൻഷൻ തുക എത്ര ആയിരുന്നു എന്ന് അറിയിക്കാമോ?

2011 ഏപ്രിലിൽ വിവിധ സാമൂഹ്യക്ഷേമ പെൻഷനുകൾ 400 രൂപ നിരക്കിലാണ് നൽകിയിരുന്നത്.

(ഇ) 2016 ഏപ്രിലിൽ പ്രസ്തുത തുക എത്ര ആയിരുന്നു എന്ന് വിശദമാക്കാമോ?

പെൻഷൻ നിരക്ക് (രൂപ)

1. കർഷക തൊഴിലാളി പെൻഷൻ- 600

2. വാർദ്ധക്യകാല പെൻഷൻ

I) 75 വയസ്സുവരെ 600 ii) 75 വയസ്സിനു മുകളിൽ 1,500

3. വികലാംഗ പെൻഷൻ

I) 80%-ൽ താഴെ വൈകല്യമുള്ളവർ 800 ii) 80%-ഉം അതിനു മുകളിലും വൈകല്യമുള്ളവർ 1,100

4. 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ 800

5. വിധവാ പെൻഷൻ 800

ജസ്റ്റിസ് രാമചന്ദ്രൻ നായർ കമ്മീഷൻ റിപ്പോർട്ട്

198(3597) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബസ് യാത്രാനിരക്ക് വർദ്ധനവിനെക്കുറിച്ച് പഠിക്കുന്നതിനായി നിയോഗിച്ച ജസ്റ്റിസ് രാമചന്ദ്രൻ നായർ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ബസ് ചാർജ് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ബസ് യാത്രാനിരക്ക് വർദ്ധനവിനെക്കുറിച്ച് പഠിക്കുന്നതിനായി നിയോഗിച്ച ജസ്റ്റിസ് രാമചന്ദ്രൻ നായർ കമ്മിറ്റി 25.06.2020-ൽ സമർപ്പിച്ച ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 02.07.2020-ലെ G.O(P)No.37/2020/Trans. പ്രകാരം നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. നിലവിൽ ബസ് ചാർജ് വർദ്ധനയെക്കുറിച്ച്

LIBRARY ARCHIVES Kerala Legislative Assembly